"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സംസ്ഥാന സാമൂഹികനീതി വകുപ്പിൽ മലപ്പുറം ജില്ലാപ്രൊബേഷൻ ഓഫീസിൽനിന്ന് പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ വിരമിച്ച ശ്രീ. പി. ജി. സജികുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽചെയ്ത OA No. 1470/2020 നമ്പർ കേസിന്മേലുള്ള 18.01.2023-ലെ അന്തിമ ഓർഡർ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.253/2024/SJD തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-

1. 11.06.2016-ലെ സ. ഉ. (സാധാ) നമ്പർ. 160/2016/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
2. 07.09.2017-ലെ സ. ഉ. (സാധാ) നമ്പർ. 586/2017/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.10.2016, 02.05.2018, 26.11.2018 എന്നീ തിയതികളിലെ ഇ5-11461-2016 നമ്പർ കത്തുകളും, 21.10.2020-ലെ എസ്.ജെ.ഡി/3422/2020-ഇ.1 നമ്പർ കത്തും, 08.06.2020, 11.01.2021, 31.01.2021, 03.03.2021, 17.03.2021, 17.01.2022, 23.02.2022, 18.04.2024, 05.08.2024 എന്നീ തിയതികളിലെ എസ്.ജെ.ഡി/1151/2020-ഇ.5 നമ്പർ കത്തുകളും, 29.07.2021-ലെ എസ്.ജെ.ഡി/269/2021-ഇ.5 നമ്പർ കത്തും
4. 05.10.2020-ലെ സ. ഉ. (സാധാ) നമ്പർ. 529/2020/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
5. സർക്കാരിന്റെ 07.12.2021, 21.02.2024 എന്നീ തിയതികളിലെ എ.1/125/2021/സാ.നീ.വ നമ്പർ കാരണംകാണിക്കൽ നോട്ടീസുകൾ.
6. 10.01.2022, 04.03.2024 എന്നീ തിയതികളിൽ ശ്രീ. പി. ജി. സജികുമാർ സമർപ്പിച്ച പ്രതിവാദപത്രികകൾ.
7. ഒ.എ.1470/2020 നമ്പർ കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ 18.01.2023-ലെ ഉത്തരവ്
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.10.2024-

ലെ എ.1-3/28/2024-കെ.പി.എസ്.സി നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സാമൂഹികനീതി വകുപ്പിൽ മലപ്പുറം ജില്ലാ പ്രൊബേഷൻ ഓഫീസിൽ നിന്ന് പ്രോബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ വിരമിച്ച ശ്രീ. പി. ജി. സജികുമാർ, തന്നെ സസ്പെന്റുചെയ്ത നടപടി റദ്ദാക്കണമെന്നും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്നും സ്ഥാനക്കയറ്റം നൽകയറ്റം നൽകണമെന്നും കാണിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽചെയ്ത OA No. 1470/2020 നമ്പർ കേസിന്മേൽ (പരാമർശം 7 ) 18.01.2023-ൽ ചുവടെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**"The applicant retired from service on 31.05.2021. The applicant has produced Annexure A1 Certificate to show that the applicant is a cancer patient. In the above circumstance the 1st respondent is directed to finalize the entire proceedings, within a period of two months from the date of receipt of a copy of this order. Accordingly, above Original Application is disposed of."**

2. ഇടുക്കി പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-2 ആയിരുന്ന ശ്രീ. പി. ജി. സജികുമാറിനെതിരേ കട്ടപ്പന പോലീസ് സ്റ്റേഷനിൽ IPC സെക്ഷൻ 419, 420 പ്രകാരം 230/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ടിയാൾ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരമുള്ള അന്വേഷണത്തിന്റെ ഭാഗമായി 20.02.2016 ന് നിർമ്മല സിറ്റിയിലെ താമസക്കാരിയായ ശ്രീമതി തങ്കമ്മയെ താൻ ഡിവൈഎസ്പിയാണെന്നും ടിയാളുടെ മകന്റെ പേരിലുള്ള കേസ് തീർപ്പാക്കുന്നതിന് 1,12,800/-രൂപ ചെലവാകുമെന്നും തെറ്റിദ്ധരിപ്പിച്ച് 35,000/-രൂപ വാങ്ങുകയുണ്ടായിയെന്നാരോപിച്ച് ശ്രീമതി തങ്കമ്മ കട്ടപ്പന പോലീസിൽ പരാതി നൽകിയതിന്റെയടിസ്ഥാനത്തിൽ ശ്രീ.സജികുമാറിനെതിരേ IPC സെക്ഷൻ 419, 420 പ്രകാരം 230/2016 നമ്പരായി കേസ് രജിസ്റ്റർചെയ്ത് ടിയാനെ അറസ്റ്റുചെയ്ത് 25.02.2016 ന് കട്ടപ്പന ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കുകയും കോടതി ടിയാനെ 14 ദിവസത്തേക്ക് റിമാൻഡുചെയ്ത് പീരുമേട് സബ് ജയിലിൽ പാർപ്പിക്കുകയും ചെയ്യുകയുണ്ടായി. ക്രിമിനൽക്കേസിൽ പ്രതിയായ ശ്രീ സജികുമാറിനെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യണമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ ശിപാർശപ്രകാരം (പരാമർശം 1) സർവ്വീസിൽനിന്ന് സസ്പെൻഡുചെയ്ത് ഉത്തരവായി. അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 13.07.2016 ൽ കുറ്റാരോപണപത്രിക നൽകുകയുണ്ടായി. പ്രസ്തുത കുറ്റാരോപണപത്രികയിന്മേൽ ശ്രീ.സജികുമാർ മറുപടി ലഭ്യമാക്കുകയുമുണ്ടായി. തുടർന്ന്, ശ്രീ.സജികുമാറിനെതിരേ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി KCS (CC &A) Rules 15(2)(b) പ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറായ ശ്രീമതി. സുന്ദരിയെ പരാമർശം 2 പ്രകാരം

അന്വേഷണ ഉദ്യോഗസ്ഥയായി നിയമിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടും സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ച് പ്രസ്തുത കേസിൽ അച്ചടക്കനടപടിയായി ടിയാളിൽനിന്ന് 1500 രൂപവീതം പ്രതിമാസ പെൻഷനിൽനിന്ന് മൂന്നുവർഷത്തേക്ക് കുറവുചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുക്കുകയും അതിൻറെയടിസ്ഥാനത്തിൽ പരാമർശം 5 പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകുകയുംചെയ്തു. അതിന് ടിയാൻ പരാമർശം 6-പ്രകാരം (10.01.2022-ൽ) എതിർവാദപത്രികയും സമർപ്പിച്ചിരുന്നു. ഇതിനിടയിൽ സസ്പെൻഷന് വിധേയനായ ശ്രീ.പി.ജി. ശ്രീ.സജികുമാറിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാവുന്നതാണെന്ന് സസ്പെൻഷൻ റിവ്യു കമ്മിറ്റി ശിപാർ ശചെയ്തതിന്റെയും ടി ജീവനക്കാരൻ 31.05.2021-ൽ സർവീസിൽനിന്ന് വിരമിക്കുന്നതിന്റെയും സാഹചര്യങ്ങൾ പരിഗണിച്ച് ശ്രീ.സജികുമാറിന്റെ സസ്പെൻഷൻ പിൻവലിച്ചും ടിയാനെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിലവിലുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമിച്ചുകൊണ്ടും പരാമർശം 4 പ്രകാരം സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിരുന്നു.

3. തുടർന്ന് ടിയാനെതിരേ താഴെപ്പറയുന്ന മൂന്നു കേസുകൾകൂടി സംസ്ഥാന പോലീസ് വകുപ്പ്/വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വകുപ്പ് ചാർജ്ജ് ചെയ്യുകയുണ്ടായി.

(എ) <u>ഉപ്പുതുറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർചെയ്തിരുന്ന ക്രൈം നം. 68/16 കേസ്</u>

ശ്രീ താജുദ്ദീൻ എന്നയാളിൽനിന്ന് ടിയാൻറെ കേസ് ഒത്തു തീർക്കുന്നതിനായി 5000 രൂപ വാങ്ങിയെന്ന പരാതിയിൽ ഉപ്പുതറ പോലീസ് കേസെടുത്തു. ശ്രീ സജികുമാർ പി.ഒ. ആക്ട് പ്രകാരം താജുദ്ദീൻറെ വീട്ടിൽ അന്വേഷണത്തിനുചെന്ന് 10,000 രൂപ തന്നാൽ കേസ് ഒത്തുതീർക്കാമെന്ന് പറയുകയും ശ്രീ താജുദ്ദീൻ അടുത്ത വീട്ടിൽനിന്ന് കടംവാങ്ങി 5000 രൂപ നൽകുകയും ചെയ്തെന്നും ആണ് കേസ്

(ബി) <u>തിരുവല്ല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 1332 / 15 കേസ്</u>

ശ്രീ. എം. വി ചാക്കോയുടെ ഉടമസ്ഥതയിലുള്ള പാറമടയുടെ പാർട്ണർമാരുമായുള്ള കോട്ടയം ജില്ലാകോടതിയിലെ കേസ് തീർപ്പാക്കുന്നതിനായി ആവലാതിക്കാരനിൽനിന്ന് രണ്ട് ഗഡുവായി 1,85,000/- രൂപ വാങ്ങിയതുമായി ബന്ധപ്പെട്ട് ടിയാനെതിരേ തിരുവല്ല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർചെയ്തിട്ടുള്ള ക്രൈം നം. 1332/15 u/s 420 IPC പ്രകാരമുള്ള കേസ് CC 1775/19-ാം നമ്പരായി വിചാരണയിലാണ്

(സി) <u>വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടിയാനെതിരെ ഫയൽ ചെയ്തിട്ടുള്ള</u>

VC 01 /13 /EKM നം. കേസ്

എറണാകുളം ജില്ലാപ്രൊബേഷൻ ഓഫീസറായിരിക്കേ കൈക്കൂലി വാങ്ങിയെന്ന കേസിൽ വിജിലൻസ് &ആൻറി കറപ്ഷൻ ബ്യൂറോ ടിയാനെതിരേ കേസെടുത്തു.

4. ടിയാനെതിരേ മേൽ കേസുകൾകൂടി ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടി കേസുകൾകൂടി ചേർത്ത് ടിയാൾക്ക് പരാമർശം 5 പ്രകാരം (21.2.2024-ൽ) പുതുക്കിയ കാരണംകാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൻ സമർപ്പിച്ച എതിർവാദപത്രികയിൽ ഇടുക്കി ജില്ലയിൽ കട്ടപ്പനയിലും ഉപ്പുതറയിലും രാഷ്ട്രീയപ്രേരിതമായി പോലീസ് ചാർജ്ജ് ചെയ്ത കേസുകളിൽ തന്നെ കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നും ടി കേസുകളിൽ താൻ തികച്ചും നിരപരാധിയാണെന്നും പത്തനംതിട്ടയിലും തിരുവല്ലയിലും ചാർജ്ജ് ചെയ്ത കേസുകൾ വിസ്താരത്തിലാണെന്നും ക്യാൻസർ ചികിത്സയ്ക്ക് വേണ്ടി ശ്രീ എം വൈ ചാക്കോയുടെ കയ്യിൽനിന്ന് 1,50,000/- രൂപ പലിശയ്ക്ക് വാങ്ങിയിട്ടുണ്ടെന്നും നിരപരാധിയായതിയാണെന്നും, ടിയാൾക്ക് നല്കിയ സസ്പെൻഷൻ തീ്ർപ്പുകല്പിക്കാത്തതിനാലും ശമ്പളം ഫിക്സ് ചെയ്തിട്ടില്ലായെന്നും മിനിമം പെൻഷൻ മാത്രമേ ലഭിക്കുന്നുള്ളൂവെന്നും, സാമ്പത്തികമായി ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്നതാണെന്നും തുടർചികിത്സയ്ക്ക് മാർഗ്ഗമില്ലെന്നും ശ്രീ. പി. ജി. സജികുമാർ തന്റെ പ്രതിവാദപത്രികയിലൂടെ അറിയിച്ചിരുന്നു. ടി മറുപടിയിൽ ടിയാനെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ടിയാനെ 18.4.2024-ൽ ഈ വകുപ്പിന്റെ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

5. പ്രസ്തുത ഹിയറിംഗ് വേളയിൽ ടിയാൻ എതിർവാദ പത്രികയിൽ സമർപ്പിച്ചിരുന്ന കാര്യങ്ങൾ ആവർത്തിക്കുകയുണ്ടായി. കട്ടപ്പന, ഉപ്പുതറ പോലീസ് സ്റ്റേഷനുകളിലായി ടിയാനെതിരെയുള്ള രണ്ടു കേസുകളിലും കുറ്റവിമുക്തനാക്കിയിട്ടുണ്ടെന്നും കൂടാതെ ജി.ഒ(പി) നം. 55/2019/ധന ഉത്തരവു പ്രകാരം 'സ്വകാര്യവ്യക്തികൾ തമ്മിലുള്ള സിവിൽ കേസ് ജുഡീഷ്യൽ നടപടി ആയി കണക്കാക്കാൻ പാടുള്ളതല്ല' എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ തിരുവല്ല പോലീസ് സ്റ്റേഷനിൽ ടിയാനെതിരേയുള്ള കേസിൻമേൽ അച്ചടക്കനടപടിയെടുക്കാൻ പാടില്ലായെന്ന് ടിയാൻ ആവശ്യപ്പെട്ടു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടിയാനെതിരേ ഫയൽ ചെയ്തിട്ടുള്ള VC 01 /13 /EKM നം. കേസ് മൂവാററുപുഴ വിജിലൻസ് കോടതിയിൽ വിചാരണയിലാണെന്നും ആയതിൻറെ ഉത്തരവിൻറെ പകർപ്പ് ഉടൻതന്നെ ഹാജരാക്കാമെന്ന് ഹിയറിംഗ് വേളയിൽ ടിയാൻ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

6. ഹിയറിംഗ് വേളയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹാജരായി നൽകിയ വിശദീകരണത്തിൽ ശ്രീ. പി. ജി. സജികുമാർ

പ്രതിവാദപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളൊന്നും, ടിയാൻറെ സർവ്വീസ് ചരിത്രം പരിശോധിച്ചാൽ, വിശ്വാസയോഗ്യമായ ഒന്നല്ലായെന്നും സർവ്വീസ് കാലയളവിൽത്തന്നെ 7 തവണ സസ്പെൻഷനിലും ഔദ്യോഗികപദവി ദുരുപയോഗം ചെയ്തതിന് 14 ദിവസം റിമാൻഡിലും കഴിഞ്ഞ ആളാണെന്നും ഔദ്യോഗികപദവി ദുരുപയോഗംചെയ്ത് ഇത്തരത്തിൽ ഗുരുതരമായ പെരുമാറ്റദൂഷ്യം സർവ്വീസ് കാലയളവിൽ പുലർത്തുകയും നിരവധിതവണ ക്രിമിനൽക്കേസിൽ അകപ്പെടുകയുംചെയ്ത ടിയാന് സർവ്വീസ് കാലയളവിൽത്തന്നെ ഗുരുതരമായ ശിക്ഷ ലഭിക്കേണ്ട സാഹചര്യങ്ങളിൽ ആയത് ലഭിക്കാതെ അനുഭാവപൂർവ്വം നിരവധി ഇളവുകൾ ലഭിച്ചിട്ടുണ്ടെന്നും സർവ്വീസിൽനിന്ന് നീക്കംചെയ്യേണ്ട സാഹചര്യംവരെ ടിയാൻറെ ഭാഗത്ത് ഉണ്ടായിട്ടുണ്ടെങ്കിലും അത്തരം നടപടി ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചു. ആയതിനാൽ, ടിയാനെതിരേ താല്ക്കാലികമായി സ്വീകരിച്ച പ്രതിമാസ പെൻഷനിൽ 1500/- രൂപവീതം കുറവുവരുത്തണമെന്ന തീരുമാനം നീതിയുക്തമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ കേസുകളിൽ കട്ടപ്പന, ഉപ്പുതറ പോലീസ് സ്റ്റേഷനുകളിൽ ഫയൽ ചെയ്ത കേസുകളിൽ ശ്രീ സജികുമാറിനെ കുറ്റവിമുക്തൻ ആക്കിയിട്ടുണ്ട്. എന്നാൽ മറ്റ് രണ്ടു കേസുകളിലും തീർപ്പായിട്ടില്ല. ശ്രീ. പി. ജി. സജികുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിനാധാരമായ കേസിൽ ടിയാനെ ഒത്തു തീർപ്പിന്റെ അടിസ്ഥാനത്തിൽ കോടതി കുറ്റവിമുക്തനാക്കിയെങ്കിലും ക്രിമിനൽ നടപടി ക്രമങ്ങളും വകുപ്പ്തല അച്ചടക്ക നടപടികളും വ്യത്യസ്തമാണെന്നതിനാൽ ആയതു ഒരേ സമയം സ്വതന്ത്രമായി തുടരാവുന്നതാണ്. ടിയാനെതിരായ ആരോപണങ്ങളെല്ലാം അതീവ ഗുരുതരമായ ആരോപണമാണ്. **The probation of Offenders Act, 1958** പ്രകാരമുള്ള റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിക്കേണ്ട ഉദ്യോഗസ്ഥൻ കേസിൽ നിന്ന് ഒഴിവാക്കാമെന്ന വാഗ്ദാനം നൽകി പണം കൈപ്പറ്റുന്നത് അംഗീകരിക്കാൻ കഴിയാത്ത വസ്തുത ആണ്. മാത്രമല്ല ടിയാൻ സർവ്വീസ് കാലയളവിൽ നിരവധിയായ കേസുകളിൽ ഉൾപ്പെടുകയും സസ്പെൻഷനിൽ ആകുകയും ചെയ്തിട്ടുണ്ട്. തിരുവല്ല കോടതിയിൽ ടിയാനെതിരായ കേസ് സ്വകാര്യ വ്യക്തികൾ തമ്മിലുള്ള കേസാണെന്നും ആയതിനാൽ ആ വിഷയത്തിൽ വകുപ്പിനു നടപടി എടുക്കാൻ കഴിയില്ല എന്ന ടിയാൻറെ വാദം അംഗീകരിക്കാൻ കഴിയില്ല. പരാതിക്കാരനെ കേസിൽ നിന്നും ഒഴിവാക്കുന്നതിന് **PO Act** പ്രകാരം ടിയാന് അനുകൂലമായ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനായിട്ടാണ് ശ്രീ പി. ജി. സജികുമാർ പണം വാങ്ങിച്ചതെന്നത് വകുപ്പിന് അവമതിപ്പ് ഉണ്ടാകുന്ന കുറ്റം തന്നെയാണ്. ടിയാൻറെ സർവ്വീസ് ചരിത്രം പരിശോധിച്ചാൽ വളരെ ഗുരുതരമായ നിരവധി ആരോപണങ്ങൾ ടിയാന്റെ മേലുണ്ട്. ടിയാൻ കാൻസർ ബാധിതൻ ആണെന്ന പരിഗണന നൽകി ലഘുവായ ശിക്ഷ നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാൻ കഴിയില്ല എന്ന സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ക്രിമിനൽ കേസിൽ കുറ്റവിമുക്തനാക്കപ്പെട്ടിരുന്നാലും വകുപ്പുതലത്തിൽ ആരംഭിച്ച അച്ചടക്കനടപടി

തുടരുന്നതിൽ നിയമതടസ്സങ്ങൾ ഇല്ലെന്ന സാഹചര്യത്തിലും 1500 രൂപ ടിയാന്റെ പെൻഷനിൽനിന്ന് മൂന്നു വർഷത്തേക്ക് കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭിപ്രായം തേടുകയും പരാമർശം 8 പ്രകാരം കമ്മീഷൻ ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

"കമ്മീഷൻ ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാർ കത്തിൽ ശിക്ഷക്കാധാരമായ ചട്ടം രേഖപ്പെടുത്തിയിട്ടില്ല. അച്ചടക്ക നടപടി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവിൽ ചട്ടം KSR Part III Rule 3(a) രേഖപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ കമ്മീഷൻ സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുന്നു."

8. പബ്ലിക് സർവ്വീസ് കമ്മീഷൻറെ ഉപദേശത്തിൻറെയടിസ്ഥാനത്തിൽ ടിയാനെതിരേയുള്ള ശിക്ഷ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചു. അപ്രകാരം സംസ്ഥാന സാമൂഹികനീതി വകുപ്പിൽ മലപ്പുറം ജില്ലാപ്രൊബേഷൻ ഓഫീസിൽനിന്ന് പ്രോബേഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ 31.5.2021- ൽ വിരമിച്ച ശ്രീ. പി. ജി. സജികുമാറിനെതിരേ ആരംഭിച്ച വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി കേരള സർവ്വീസ് റൂൾസ് പാർട്ട് 3 റൂൾ 3(എ) പ്രകാരം 1,500/- രൂപ വീതം ടിയാന്റെ പെൻഷനിൽനിന്ന് മൂന്നുവർഷത്തേക്ക് കുറവുചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ടിയാനെതിരേയുള്ള വകുപ്പുതല അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. മേൽപറഞ്ഞതിൻ പ്രകാരം ഒറിജിനൽ ആപ്ലിക്കേഷൻ 1470/2020 നമ്പർ കേസിന്മേലുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ തിരുവനന്തപുരം ബെഞ്ച് പുറപ്പെടുവിച്ച 18.01.2023-ലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1, ശ്രീ. പി. ജി. സജികുമാർ, (റിട്ടയേർഡ് പ്രോബേഷൻ ഓഫീസർ ഗ്രേഡ്-2, സാമൂഹികനീതി വകുപ്പ്), മാണിശ്ശേരി കിഴക്കേതിൽ ഹൗസ്, തൊടിയൂർകര, കല്ലേലിഭാഗം വില്ലേജ്, കരുനാഗപ്പള്ളി, കൊല്ലം
2, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3, അഡ്വക്കേറ്റ് ജനറൽ, കേരളം, തിരവനന്തപുരം (ആമുഖ കത്ത് സഹിതം)
4, ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (14.09.2022-ലെ ഡബ്ലിയു.ഡബ്ലിയു.-ഡബ്ലിയു..ഡബ്ലിയു.2/190/2021/ധന നമ്പർ കുറിപ്പ് പ്രകാരം)

**5,** ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്.എ) വകുപ്പ് (**26.04.2022**-ലെ അഡ്വൈസ്.എ.**1/102/2022**/ഉ.ഭ.പ.വ നമ്പർ കുറിപ്പ് പ്രകാരം)

**6,** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/) കേരളം, തിരുവനന്തപുരം/തൃശ്ശൂർ

**7,** സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം)

**8,** ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജനസമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**9,** കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 07-12-2024 17:09:19
സെക്ഷൻ ഓഫീസർ